# മുന്നാക്കവിഭാഗങ്ങളിലെ പിന്നാക്കക്കാർക്കുവേണ്ടിയുള്ള സിൻഹുകമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ദേശീയതലത്തിൽ നടപ്പിലാക്കുക

നിലവിലുള്ള ദേശീയപിന്നാക്കവിഭാഗകമ്മീഷനു പകരം പുതിയ ദേശീയസാമൂഹിക-സാമ്പത്തികപിന്നാക്കവിഭാഗകമ്മീഷൻ രൂപീകരിക്കാനുള്ള ഭരണഘടനാഭേദഗതിബിൽ ലോക്സഭ പാസ്സാക്കിയിരിക്കുകയാണ്. ആയത് രാജ്യസഭയുടെ പരിഗണനയിലുമാണ്. പ്രസ്തുത കമ്മീഷന് ഭരണഘടനാപദവിയും കോടതിയുടെ അധികാരവും പിന്നാക്കവിഭാഗങ്ങളുമായി ബന്ധപ്പെട്ട പരാതികളിൽ തെളിവെടുപ്പു നടത്തി തീർപ്പുകല്പിക്കുന്നതിനുള്ള അവകാശവും ഉണ്ടായിരിക്കും. പിന്നാക്കവിഭാഗങ്ങൾക്കായി ദേശീയതലത്തിൽ ഈ വിധം കമ്മീഷൻ രൂപീകരിക്കാനുള്ള കേന്ദ്രഗവണ്മെന്റിന്റെ തീരുമാനം സ്വാഗതാർഹം തന്നെ.

മുന്നാക്കസമുദായങ്ങളൊഴിച്ച് ബാക്കി വിഭാഗങ്ങൾക്കെല്ലാം ദേശീയതലത്തിൽ ഇത്തരം കമ്മീഷൻ നിലവിലുണ്ടെന്നിരിക്കെ, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്ക് മാത്രമായിട്ടെങ്കിലും ദേശീയതലത്തിൽ ഒരു കമ്മീഷൻ രൂപീകരിക്കാനുള്ള ആലോചന കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഇന്നോളം ഉണ്ടാകാതിരിക്കുന്നത് ആ വിഭാഗത്തോടു കാണിക്കുന്ന അവഗണനയും വിവേചനവുമാണെന്ന കാര്യം പറയാതെ വയ്യ.

മുന്നാക്കവിഭാഗങ്ങൾക്കുമാത്രം നീതി നിഷേധിക്കുന്നതും അവരുടെ ആവശ്യങ്ങളെ മാത്രം അവഗണിക്കുന്നതും ഒരു രാഷ്ട്രീയശൈലിയായി വളർന്നുവരുന്നത് മതേതരരാഷ്ട്രമായ ഭാരതത്തിന്റെ കെട്ടുറപ്പിനുതന്നെ ഭീഷണിയായിക്കൊണ്ടിരിക്കുകയാണ്. ഈ വിഷയത്തെ ഭരണാധികാരികളും രാഷ്ട്രീയപാർട്ടികളും ജനപ്രതിനിധികളും വളരെ ഗൗരവമായി കാണണം. സമൂഹത്തിന്റെ സന്തുലിതാവസ്ഥ നിലനിർത്തുകയും എക്കാലവും ആശ്രയമായി നിലകൊള്ളുകയും ചെയ്തിരുന്ന മുന്നാക്കവിഭാഗങ്ങളെ പാർശ്വവൽക്കരിക്കുന്നതിനുള്ള നീക്കം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അത് പ്രതിഷേധാർഹവും കുറ്റകരമായ മനുഷ്യാവകാശലംഘനവുമാണ്. വോട്ടുബാങ്കുകളെ മാത്രം മുൻനിർത്തിയുള്ള രാഷ്ട്രീയപ്രീണനം രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കുതന്നെ ഭീഷണിയാവുമെന്ന കാര്യത്തിൽ രണ്ടുപക്ഷമില്ല. ഒരു കാലത്ത് ഏറെ ദുരിതമനുഭവിച്ചിരുന്ന പിന്നാക്കവിഭാഗക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുവാൻ നേതൃത്വം നൽകിയത് മുന്നാക്കവിഭാഗം തന്നെയാണ് എന്നകാര്യം വിസ്മരിച്ചുകൂടാ. പിന്നാക്കവിഭാഗങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും ആനുകൂല്യങ്ങളും നിലനിർത്തുകയും കൂടുതൽ കരുതലോടെ അവരെ മുഖ്യധാരയിൽ എത്തിക്കുന്നതിനും ആവശ്യമായ സമീപനം വേണമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ, മുന്നാക്കവിഭാഗത്തെമാത്രം പൂർണ്ണമായും ചവുട്ടിത്താഴ്ത്തുന്ന നടപടി ഒരുതരത്തിലും നീതീകരിക്കാവുന്നതല്ല.

നിലവിൽ സംവരണാനുകൂല്യം ലഭിക്കാത്ത മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരെ കണ്ടെത്താനുള്ള മാനദണ്ഡവും, അവർക്കായുള്ള ക്ഷേമപദ്ധതികളും നിശ്ചയിക്കുന്നതിനായി റിട്ട. മേജർ ജനറൽ എസ്. ആർ. സിൻഹു ചെയർമാനായുള്ള മൂന്നംഗ ദേശീയകമ്മീഷനെ 2006-ൽ അന്നത്തെ കേന്ദ്രസർക്കാർ നിയമിച്ചത് ഇക്കാര്യത്തിൽ പുതിയ ഒരു കാൽവെയ്പായിരുന്നു. മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് സംവരണവും വിദ്യാഭ്യാസം, തൊഴിൽ, ആരോഗ്യം, പാർപ്പിടം തുടങ്ങിയ മേഖലകളിൽ ക്ഷേമപദ്ധതികളും ലഭ്യമാക്കുന്നതിന് ദേശീയതലത്തിലും സംസ്ഥാനതലത്തിലും മുന്നാക്കവിഭാഗക്ഷേമകോർപ്പറേഷനും, മുന്നാക്കവിഭാഗസ്ഥിരംകമ്മീഷനും വേണമെന്നുള്ള ശിപാർശ പ്രസ്തുത റിപ്പോർട്ടിൽ ഉണ്ട്. എന്നാൽ, പ്രസ്തുതകമ്മീഷൻ കേന്ദ്രസർക്കാരിന് ആറുവർഷം മുമ്പ് സമർപ്പിച്ച റിപ്പോർട്ടിന്മേൽ ഇന്നേവരെ നടപടിയൊന്നുമുണ്ടായിട്ടില്ല. റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഇപ്പോഴത്തെ കേന്ദ്രസർക്കാർമുമ്പാകെയും എൻ.എസ്.എസ്. നിവേദനം സമർപ്പിച്ചെങ്കിലും അതിന്മേലും നടപടിയൊന്നും ഇതേവരെ ഉണ്ടായിക്കണ്ടില്ല.

പിന്നാക്കവിഭാഗങ്ങൾക്കായി പുതിയ ദേശീയകമ്മീഷൻ രൂപീകരിക്കാൻ തീരുമാനിച്ച ഈ വേളയിലെങ്കിലും, മുന്നാക്കസമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കംനില്ക്കുന്നവർക്കുവേണ്ടി ദേശീയതലത്തിൽ ക്ഷേമകോർപ്പറേഷനും സ്ഥിരംകമ്മീഷനും രൂപീകരിക്കുവാൻ ആവശ്യമായ സത്വരനടപടി കേന്ദ്രഗവണ്മെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

മുന്നാക്കവിഭാഗങ്ങളിൽ സാമ്പത്തികമായി പിന്നാക്കം നില്ക്കുന്നവരുടെ ക്ഷേമത്തിനായി സംസ്ഥാനതലത്തിൽ ക്ഷേമകോർപ്പറേഷനും സ്ഥിരംകമ്മീഷനും രൂപീകരിച്ച, രാജ്യത്തെ ഏകസംസ്ഥാനമായ കേരളത്തിന്റെ മാതൃക ഇക്കാര്യത്തിൽ കേന്ദ്രസർക്കാരും സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

ലോക്സഭയിൽ പിന്നാക്കവിഭാഗങ്ങൾക്കു വേണ്ടി അവതരിപ്പിച്ച ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത്, കേരളത്തിൽനിന്നുമുള്ള എം.പി. ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ ബില്ലിനെ സ്വാഗതം ചെയ്തതോടൊപ്പം, മുന്നാക്കസമുദായങ്ങളിൽ സാമ്പത്തികമായും സാമൂഹികമായും പിന്നാക്കം നില്ക്കുന്നവരുടെ പ്രശ്നങ്ങൾ പരിഹരിക്കാനുംകൂടി ദേശീയതലത്തിൽ ഒരു കമ്മീഷൻ രൂപീകരിക്കണമെന്ന ആവശ്യം ഉന്നയിച്ചതോടെ സഭയ്ക്കുള്ളിൽ ഈ വിഷയം ഏറെ ശ്രദ്ധേയമായിട്ടുണ്ട്.